**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2947** **07-10-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗമായ കൊറഗരുടെ സാമൂഹ്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ ബദിയടുക്കയിൽ ഉൾപ്പെടെ അധിവസിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗ വിഭാഗമായ കൊറഗരുടെ സാമൂഹ്യവികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് പരിധിയിലെ പ്രാക്തന ഗോത്ര വിഭാഗമായ കൊറഗരുടെ സാമൂഹ്യ വികസനത്തിനായി പി.വി.ടി.ജി. പദ്ധതിയിലുൾപ്പെടുത്തി 216 വീടുകളും കുടിവെള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.<br><br>അടിയ-പണിയ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രാക്തന ഗോത്ര വിഭാഗ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനുള്ള നോട്ട് ബുക്കുകൾ, കുട, ചെരുപ്പ്, യൂണിഫോം, ബാഗ് മുതലായവ വിതരണം ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ പി.എം.ജന്മൻ പദ്ധതിയിലുൾപ്പെടുത്തി പ്രാക്തന ഗോത്ര വിഭാഗങ്ങളിൽപ്പെട്ട കൊറഗ വിഭാഗത്തിന്റെ സമഗ്രവികസനത്തിനായി റോഡ് വികസനം, ജല വിതരണം, വൈദ്യുതിവൽക്കരണം, വീട് നിർമ്മാണം, മൊബൈൽ മെഡിക്കൽ ക്ലിനിക് സ്ഥാപിക്കൽ, ആയുഷ്മാൻ കാർഡ് വിതരണം, വോർക്കാടി പഞ്ചായത്തിലെ തിമ്മൻഗുരാനെയിൽ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന നിർമ്മിക്കുന്ന മൾട്ടി പർപ്പസ് സെന്ററിന്റെ നിർമ്മാണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൊറഗ വിഭാഗക്കാർക്ക് കൈവശഭൂമിക്ക് പട്ടയം അനുവദിക്കുന്നതിന്റെ ഭാഗമായി ജില്ലാതലത്തിൽ ഓപ്പറേഷൻ സ്മൈൽ പദ്ധതിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ